## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2501** **12/02/2020-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവുംവിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറത്തിറങ്ങിയിട്ടുണ്ടോ; | (എ) | മലപ്പുറം ഒഴികെയുള്ള ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയത് ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാന ത്തിലാണ്; | | ചുവടെ പറയുന്ന വ്യവസ്ഥകളോടെയാണ് റിസർവ്വ് ബാങ്ക് തത്വത്തിലുള്ള അംഗീകാരം നൽകിയത്.<br><br>**1)** കേരള സഹകരണ നിയമവും ചട്ടങ്ങളും സമ്പൂർണ്ണമായും പാലിച്ച് വേണം ലയനം നടത്തേണ്ടത്.<br>**2)** ലയനത്തെ സ്റ്റേ ചെയ്ത് കൊണ്ടോ നിരോധിച്ചുകൊണ്ടോ കോടതി വിധികൾ ഒന്നും ഇല്ലാ എന്ന് സർക്കാർ ഉറപ്പ് വരുത്തണം<br>**3)** സംസ്ഥാന സഹകരണ ബാങ്കും ജില്ലാ ബാങ്കുകളും ഒരു ലയന പദ്ധതി തയ്യാറാക്കി അംഗങ്ങളുടെ മുന്നിൽ അവതരിപ്പിക്കണം.<br>**4)** ജനറൽ ബോഡി മുമ്പാകെ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ ലയനത്തിനായുള്ള പ്രമേയം അവതരിപ്പിച്ച് പാസ്സാക്കണം. |

| | | | |
|---|---|---|---|
| | | | 5) ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും സർക്കാരും തമ്മിൽ ഒരു എം.ഒ.യു ഒപ്പുവയ്ക്കണം. ഭരണ സമിതി, മാനേജ്മെന്റ് ഘടന, മനുഷ്യ വിഭവ ശേഷി ആസ്തി ബാധ്യതകളുടെ കൈമാറ്റം എന്നിവ എം.ഒ.യു വിൽ വരേണ്ടത്.<br>6) ലയന ശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തതയും നെറ്റ് വർത്തും റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് അനുസരിച്ചായിരിക്കണം<br>ഏതെങ്കിലും തരത്തിലുള്ള കുറവ് വരികയാണെങ്കിൽ അത് സർക്കാർ നികത്തണം.<br>7) ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന്റെ ബാലൻസ് ഷീറ്റ് എല്ലാ വിധ നിയമപരമായ ആവശ്യങ്ങൾ നിർവ്വഹിക്കുവാനുള്ള ശേഷി ഉള്ളതും ജനങ്ങൾക്ക് എല്ലാ വിധ സേവനങ്ങളും നൽകുന്നതിന് പര്യാപ്തവുമായിരിക്കണം<br>8) ക്രമ രഹിത ഇടപാടുകളിലൂടെ ആസ്തികൾ നിഷ്ക്രിയമായിട്ടുണ്ടെങ്കിൽ മുഴുവൻ തുകയ്ക്കും കരുതൽ സൂക്ഷിക്കണം.<br>9) ആസ്തിബാധ്യതകളുടെ വാല്യൂവേഷൻ നടത്തുകയും നഷ്ട ആസ്തികൾക്ക് പൂർണ്ണമായും കരുതൽ സൂക്ഷിക്കുകയും വേണം.<br>10) സംസ്ഥാന സഹകരണ ബാങ്കിന്റേയും ജില്ലാ ബാങ്കുകളുടേയും പലിശ നിരക്കിൽ വ്യത്യാസമുണ്ടെങ്കിൽ ആയത് കസ്റ്റമേഴ്സിനെ അറിയിച്ചിരിക്കണം.<br>11) ലയനശേഷം എല്ലാ ജില്ലാ ബാങ്കിലേയും ഉപഭോക്താക്കൾക്കും സേവനം നൽകാൻ കഴിയും വിധമുള്ള മികച്ച സോഫ്റ്റ് വെയർ സംസ്ഥാന സഹകരണ ബാങ്കിന് ഉണ്ടായിരിക്കണം. |

| | | | |
|---|---|---|---|
| | | | 12) നിശ്ചിത സമയത്തിനകം മൈഗ്രേഷൻ ആഡിറ്റ് പൂർത്തീകരിച്ചിരിക്കണം. |
| | | | 13) സംസ്ഥാന സഹകരണ ബാങ്കിന്റെ CEO ഫിറ്റ് & പ്രോപർ മാനദണ്ഡങ്ങൾ പാലിച്ചാവണം. ഭരണസമിതിയിൽ ചുരുങ്ങിയത് 2 പ്രൊഫഷണൽസ് ഉണ്ടാകണം. |
| | | | 14) റിസർവ്വ് ബാങ്ക് അർബൻ സഹകരണ ബാങ്കുകൾക്ക് നിർദ്ദേശിച്ച രീതിയിൽ ലയനശേഷം സംസ്ഥാന സഹകരണ ബാങ്ക് ബോർഡ് ഓഫ് മാനേജ്മെന്റ് രൂപീകരിക്കണം. അതിനായി ഉചിത ഭേദഗതികൾ കേരള സഹകരണ നിയമത്തിൽ വരുത്തണം. |
| | | | 15) ലയനശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ലൈസൻസ് തുടരും. ജില്ലാ ബാങ്കുകളുടെ നിലവിലുള്ള ശാഖകൾ സംസ്ഥാന സഹകരണ ബാങ്കിന്റെ ശാഖകളായി മാറും. തുടർന്ന് ബാങ്ക് ഈ ശാഖകളുടെ ലൈസൻസിനായി RBI-ക്ക് അപേക്ഷ നൽകണം. RBI- യുടെ മുൻകൂർ അനുമതിയോടെ മാത്രമേ ബ്രാഞ്ചുകൾ മാറ്റി സ്ഥാപിക്കാനാവൂ. ജില്ലാ ബാങ്കുകൾ അവരുടെ ലൈസൻസ് RBI-ക്ക് സറണ്ടർ ചെയ്യണം. |
| | | | 16) സംസ്ഥാന സഹകരണ ബാങ്ക് ലയന പദ്ധതിക്ക് ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ക്രെഡിറ്റ് ഗ്യാരണ്ടി കോർപ്പറേഷന്റെ (DICGC) ക്ലീയറൻസ് കിട്ടണം. |
| | | | 17) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും ട്രഷറിയിൽ നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ അത് ഘട്ടം ഘട്ടമായി പിൻവലിച്ചിരിക്കണം. |

| | | | |
|---|---|---|---|
| | | | 18) ബാങ്ക് എന്ന പദം ഉപയോഗിച്ച് കൊണ്ട് കേരളത്തിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ പാട്ടുള്ളതല്ല.<br>19) മേൽ വ്യവസ്ഥകൾ പാലിച്ചതിനു ശേഷം അന്തിമ അനുമതിക്കായി നബാർഡ് മുഖാന്തിരം റിസർവ്വ് ബാങ്കിനെ സമീപിക്കണം. |
| (സി) | പ്രസ്തുത മാനദണ്ഡങ്ങൾ ഇതിനകം പാലിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ ഇതിനകം പാലിച്ചുവെന്നും ഇനി അവശേഷിക്കുന്നവ ഏതെന്നും വ്യക്തമാക്കുമോ; | (സി) | ലയനത്തിന് മുൻപ് പാലിക്കേണ്ട നിബന്ധനകൾ പാലിച്ച് റിസർവ്വ് ബാങ്കിന് അപേക്ഷ സമർപ്പിച്ചിരുന്നതിന്റെ അടിസ്ഥാനത്തിലാണ് ലയനത്തിനുള്ള അന്തിമ അനുമതി റിസർവ്വ് ബാങ്ക് നൽകിയിത്. |
| (ഡി) | കേരള ബാങ്ക് രൂപീകൃതമായതോടുകൂടി സഹകാരികൾക്കും ബാങ്കിലെ ഇടപാടുകാർക്കും ലഭ്യമാകുന്ന പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ഡി) | കേരളത്തിലെ സഹകരണ മേഖലയുടെ സർവ്വോന്മുഖമായ വളർച്ചയാണ് കേരള ബാങ്കിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. സഹകരണ ബാങ്കിംഗ് മേഖലയുടെ ഏകോപനത്തിനും മത്സര ശേഷി വർദ്ധിപ്പിക്കുന്നതിനും നിലനിൽപ്പ് ഉറപ്പാക്കുന്നതിനും സമൂഹത്തിനാകെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാനും ഇത് സഹായകമാകും. പ്രാഥമിക സഹകരണ ബാങ്കുകളുടെ ശാക്തീകരണത്തിന് വഴിയൊരുക്കുന്നതിനും ഇതിലൂടെ സാധിക്കും. കാർഷിക കാർഷികേതര വായ്പകളുടെ പലിശ നിരക്ക് കുറയ്ക്കാൻ കഴിയുന്നതോടൊപ്പം അതിനൂതന സാങ്കേതിക മികവിലേക്ക് സഹകരണ ബാങ്കിംഗ് രംഗത്തെ ഉയർത്തുവാനും കഴിയും. |

**സെക്ഷൻ ഓഫീസർ.**